മെന്നുള്ളത് സംബന്ധിച്ച് വലിയ നിർബന്ധമുണ്ട്. അതുകൊണ്ട് വിദേശ മുതലാളികൾ കാർഷിക മേഖലയിൽ നിക്ഷേപം നടത്താൻ തയ്യാറായി വന്ന ആരുമായിട്ടും ഗവൺമെന്റ് ചർച്ച ചെയ്തിട്ടില്ല. കാർഷിക മേഖലയിൽ ചർച്ച ചെയ്യാൻ തയ്യാറായിട്ടില്ല. അതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ കേന്ദ്രഗവൺമെന്റ് അംഗീകരിക്കുകയോ തള്ളുകയോ ചെയ്തുകഴിഞ്ഞശേഷം മാത്രമേ ഈ ഗവൺമെന്റ് അതിനെപ്പറ്റി ആലോചിക്കുകയുള്ളൂ. റബ്ബറിന്റെ കാര്യം നിങ്ങളൊക്കെയിരുന്നപ്പോൾ ഇത് വ്യവസായ ഉല്പന്നമാണ്, അന്ന് കാർഷികോല്പന്നമാക്കി മാറ്റാൻ ആരും ആലോചിച്ചില്ല. ഈ ഗവൺമെന്റ് ആണ് അപേക്ഷിച്ചത്. അത് W.T.O. അംഗീകരിച്ചില്ല. അതാണുള്ളത്.

(2) റോഡുകളിൽക്കൂടി കന്നുകാലികളെ കൂട്ടത്തോടെ നടത്തി കൊണ്ടുപോകുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കേരളത്തിൽ പ്രത്യേകിച്ചും അതിർത്തി പ്രദേശങ്ങളിലുള്ള.....(ബഹളം).....

മി. സ്പീക്കർ: What is this Mr. P. C. George? Don't make noise. That is not fair. ഇവിടെ വേറെ നടപടിക്രമങ്ങൾ നടക്കുകയാണ്. Don't compel me to ask you to get out.

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രത്യേകിച്ചും കേരളത്തിലെ സ്റ്റേറ്റ് ബോർഡറുകളിലുള്ള പഞ്ചായത്തുകളാണെങ്കിലും മുനിസിപ്പാലിറ്റിയാണെങ്കിലും കേരളത്തിലുടനീളം ഏറ്റവും പ്രയാസപ്പെട്ട ഒരു കാര്യമാണ് കന്നുകാലികളെ റോഡിൽക്കൂടി നടത്തിക്കൊണ്ടു പോകുന്നത്. തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽനിന്നും കൊണ്ടുവരുന്ന കന്നുകാലികൾ റോഡിൽക്കൂടി ഒന്നിച്ചു കൊണ്ടുപോകുന്ന സന്ദർഭത്തിൽ.....

മി. സ്പീക്കർ: Smt. Mercy Ravi, Why do you go there and make noise? ഇവിടെ സംസാരിക്കുന്നതിന് തടസ്സമുണ്ടാകുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: നൂറു കണക്കിന് കന്നുകാലികളെ ഒന്നിച്ചുകൊണ്ടു പോകുന്നതുകൊണ്ട് കാൽനടയാത്രക്കാർക്ക്, അതുപോലെ വാഹനങ്ങളിൽ യാത്ര ചെയ്യുന്ന ആളുകൾക്ക് പ്രത്യേകിച്ചും വിദ്യാലയങ്ങളിൽ പോകുന്ന കൊച്ചുകുഞ്ഞുങ്ങൾക്ക് വളരെയധികം പ്രയാസങ്ങളുണ്ട്. കൊച്ചു കുഞ്ഞുങ്ങൾ ഏറ്റവുമധികം പ്രയാസത്തോടുകൂടിയാണ് ഈ സാഹചര്യത്തിൽ റോഡിൽക്കൂടി നടന്നുപോകുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ പ്രശ്നമായി വന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലം പോലെ അതിർത്തികളിൽ കിടക്കുന്ന നിയോജകമണ്ഡലങ്ങളിലാണ് ഇത് ഏറ്റവും കൂടുതൽ പ്രയാസമുണ്ടാക്കുന്നത്. തമിഴ്നാട്ടിൽനിന്നും നൂറു കണക്കിനാണ് കന്നുകാലികളെ കൊണ്ടുവരുന്നത്. റോഡുകൾ തടയുന്നു, വാഹനങ്ങൾക്കു പോകാൻ കഴിയുന്നില്ല. ആളുകൾക്ക് നടന്നുപോകാൻ കഴിയുന്നില്ല എന്നുള്ള സാഹചര്യം നിലനിൽക്കുന്നു. നമ്മുടെ സംസ്ഥാനത്താണെങ്കിൽ 1992-ൽ

LIBRARY ARCHIVES Kerala Legislative Assembly

7,08,072 വാഹനങ്ങളാണ് ഉണ്ടായിരുന്നത്. 10 വർഷം കൊണ്ട് അത്, 2002-ൽ 23,15,000 ആയി വർദ്ധിച്ചു. 327% വാഹനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് വർദ്ധിപ്പിച്ചത്. എന്നാൽ ഒരു ശതമാനം വർദ്ധനവേ റോഡിന് ഉണ്ടായിട്ടുള്ളൂ. റോഡുണ്ടാകുന്നില്ല, വാഹനങ്ങൾ പെരുകുന്നു, ആളുകൾക്കു നടക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ ഈ കന്നുകാലികളെ ഒന്നിച്ചുകൊണ്ടുപോകുന്നത് വളരെ പ്രയാസമുള്ള കാര്യമാണ്.

മി. സ്പീക്കർ: എന്തു ചെയ്യണമെന്നാണ്, What is your suggestion?

ശ്രീ. ആര്യാടൻ മുഹമ്മദ്: Iam going to suggest. ഒരു കാര്യം കൂടിയുണ്ട്, തമിഴ്നാട്ടിൽനിന്നും ഗൂഡല്ലൂർ പ്രദേശത്തുനിന്നും കൊണ്ടുവരുന്ന കന്നുകാലികളെല്ലാം ചാകാനായി വരുന്ന കന്നുകാലികളാണ്. ആ കന്നുകാലികൾ ഇവിടെ സാംക്രമിക രോഗങ്ങളുണ്ടാക്കുന്നു എന്നതുകൊണ്ട് അതു തടയണമെന്ന് എനിക്ക് അഭിപ്രായമില്ല. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ അഭിപ്രായത്തോട് യോജിപ്പുള്ളവനാണ്. മാംസങ്ങളിൽ ഏറ്റവും രുചികരമായ മാംസമാണ് ബീഫ് എന്നുപറയുന്നത്. ഞാൻ അതെല്ലാം ഉപയോഗിച്ചതാണ്. അങ്ങ് ലോകത്തെല്ലായിടത്തും പോയ ഒരാളാണല്ലോ? വെസ്റ്റേൺ രാജ്യങ്ങളിലെല്ലാം ഏറ്റവും നല്ല മാംസം ബീഫാണെന്ന് എന്നേക്കാൾ അങ്ങേക്ക് അറിയാമല്ലോ. അതുകൊണ്ട് ഞാൻ പറയുന്നത് നല്ല മാംസമായിരിക്കണം. അതുമാത്രമല്ല, റോഡിൽക്കൂടി കന്നുകാലികളെ കൊണ്ടുപോകുമ്പോൾ ശ്രീ. കെ. സി. വേണുഗോപാലിനെ ആലപ്പുഴ ടൗൺ പോലീസ് അടിച്ചതുപോലെയാണ് ആളുകൾ ഈ കന്നുകാലികളെ അടിക്കുന്നത്. അത് നമുക്ക് കാണാൻ സാധിക്കുന്നു. ആ കന്നുകാലികളെ അതുപോലെ അടിക്കുന്നു, അത് ചാകാനാണ് വരുന്നത്, അത് മാംസം ഇവിടെ തരുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ള ഒരു കാര്യം ഇത് ആരോഗ്യ പ്രശ്നമുണ്ടാക്കുന്നു. കന്നുകാലികളുടെ കാലിലുള്ള ലാടം റോഡിൽ വീണ് വാഹനങ്ങളുടെ ടയർ പഞ്ചറായി എത്രയോ യാത്രക്കാർ വിഷമിക്കുന്നു. അതുപോലെ ധാരാളം പ്രയാസങ്ങളുണ്ട്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ റോഡിൽക്കൂടി കന്നുകാലികളെ കൊണ്ടുപോകുന്നതു തടയണം. അതിനൊരു ഓർഡർ പുറപ്പെടുവിക്കണം. ഇത് പഞ്ചായത്ത്, പൊതുജനാരോഗ്യവകുപ്പ്, പി.ഡബ്ല്യു.ഡി., പോലീസ് എന്നീ നാലു വകുപ്പുകൾ കൂടി കൈകാര്യം ചെയ്യേണ്ട കാര്യമാണ്. അതുകൊണ്ടാണ് ഞാനിത് മുഖ്യമന്ത്രിക്ക് നൽകിയത്. ഇതിനൊരു എക്സിക്യൂട്ടീവ് ഓർഡർ വച്ചുകൊണ്ട് ഗവൺമെന്റിന് ചെയ്യാവുന്നതാണ്. വാഹനങ്ങളിൽ കൊണ്ടുപോകണം. റോഡിൽക്കൂടി നടത്തികൊണ്ടുപോകുന്നത് പൂർണ്ണമായും തടയണം. മറ്റൊരു കാര്യം, അതിർത്തികളിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന കന്നുകാലികളെ പരിശോധിക്കാൻ വെറ്ററിനറി സർജൻമാരെ വയ്ക്കണം. ആരോഗ്യമില്ലാത്ത, രോഗം പിടിപ്പെട്ട കന്നുകാലികളെ കൊണ്ടുവരുന്നത് തടയാൻ സാധിക്കണം. അതുപോലെ നടത്തിക്കൊണ്ടുവരുന്നത് തടയാൻ സാധിക്കണം. അതിനുള്ള നടപടി ഗവൺമെന്റ് അടിയന്തിരമായി കൈക്കൊള്ളണമെന്നാണ് എനിക്കുപറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഇവിടെ ഉന്നയിച്ചത്. ഗവൺമെന്റ് അതിന്റെ ഗൗരവം മനസ്സിലാക്കുന്നുണ്ട്. സംസ്ഥാനത്തിനകത്ത് പ്രധാനമായും സംസ്ഥാന അതിർത്തിയോട് ചേർന്ന് ജില്ലകളിലെ പ്രധാന വീഥികളിൽ കന്നുകാലികളെ കൂട്ടത്തോടെ നടത്തിക്കൊണ്ടു പോകുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ കന്നുകാലികളെ കൂട്ടത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

റോഡിലൂടെ നടത്തിക്കൊണ്ടുപോകുന്നതുമൂലം നിരവധി അപകടങ്ങൾ മുൻകാലങ്ങളിൽ സംഭവിച്ചിട്ടുണ്ട്. ഗതാഗത തടസ്സമുണ്ടാവുക, യാത്രക്കാർക്ക് യാത്രാക്ലേശമുണ്ടാവുക തുടങ്ങി നിരവധി ബുദ്ധിമുട്ടുകൾ അതിനുമുമ്പുണ്ടായിട്ടുണ്ട്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ കന്നുകാലികളെ റോഡുമാർഗ്ഗം നടത്തിക്കൊണ്ടുപോകുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പ്രത്യേകമായി കന്നുകാലികളെ ലോറിപോലുള്ള വാഹനങ്ങളിൽ കൊണ്ടുപോകണമെന്നുള്ള നിർദ്ദേശം നിലവിലുണ്ട്. അതുപോലെതന്നെ ഇങ്ങനെ കൊണ്ടുവരുന്ന കന്നുകാലികളെ പ്രത്യേകമായി ആവശ്യമായ പരിശോധന നടത്തിയതിനുശേഷം മാത്രമേ കൊണ്ടുവരാവൂ എന്ന് നിർബന്ധമായും ഇപ്പോൾതന്നെ നിർദ്ദേശമുണ്ട്. ഇതിനു വിരുദ്ധമായ പ്രവർത്തനങ്ങൾക്കെതിരെ കേരള പോലീസ് ആക്ടിലെ 46-ാം സെഷനിൽ അനുശാസിക്കുന്ന നടപടികളനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇനിയും ഈ നടപടികൾ ശക്തമാക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സ്ംസ്ഥാന അതിർത്തിയിൽ നല്ല സ്ലോട്ടർ ഹൗസുകളുണ്ടാക്കിയാൽ പട്ടണപ്രദേശങ്ങളിലേക്കും ഗ്രാമപ്രദേശങ്ങളിലേക്കും അവിടെനിന്നും മാംസം കയറ്റി അയയ്ക്കാൻ സാധിക്കും. അതിന് ഇന്ത്യാ ഗവൺമെന്റിന്റെ ധാരാളം സഹായം കിട്ടാൻ സാധ്യതയുണ്ട്. ആ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എ. കെ. ആന്റണി: ഇങ്ങനെയൊരു നിർദ്ദേശം ഇതുവരെ ആരും സംസ്ഥാന സർക്കാരിനുമുന്നിൽ സമർപ്പിച്ചിട്ടില്ല. ഇതൊരു ഒറിജിനൽ നിർദ്ദേശമാണ്. ഇതിന്റെ എല്ലാ സാധ്യതകളും പരിശോധിക്കാതെ ഇപ്പോൾ ഒരു മറുപടി പറയാൻ പ്രയാസമാണ്.

IV. സബ്മിഷൻ

(1) നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വി. ജയരാജൻ: സർ, കേരളത്തിലെ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്നും എം. പി.-മാരുടേയും എം.എൽ.എ.-മാരുടേയും പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രത്തെ ഏല്പിക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള നിരവധി പദ്ധതി പ്രവർത്തനങ്ങൾ കൂടി നിർമ്മിതി കേന്ദ്രത്തെ ഏല്പിക്കണമെന്നും സർക്കാരിനോട് ഞാൻ ആവശ്യപ്പെടുകയാണ്. സംസ്ഥാനത്തെ പല ജില്ലകളിലും നിർമ്മിതി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാകളക്ടർ ചെയർമാനും ആർ.ഡി.ഒ. കൺവീനറുമാണ്. ജനപ്രതിനിധികൾ ഇതിന്റെ ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവിലും ഇല്ല. ജനപ്രതിനിധികളെ ഇതിലുൾപ്പെടുത്തണം. ചില സ്ഥലങ്ങളിൽ അഴിമതിയും ധൂർത്തുമാണ്. ജില്ലാ കളക്ടർ, ആർ.ഡി.ഒ. തുടങ്ങിയ ഉദ്യോഗസ്ഥൻമാരാണ് അഴിമതിയും ധൂർത്തും നടത്തുന്നത്. തിരുവനന്തപുരത്താണെങ്കിൽ എ.സി. കാർ വാങ്ങാൻ ഈ നിർമ്മിതി കേന്ദ്രത്തിന്റെ പണമാണ് ഉപയോഗിച്ചത്. ചില ജില്ലകളിൽ ആർ.ഡി.ഒ.-മാരുടേയും ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly